# ‘അപനിർമാണ’ത്തിന്റെ വ്യാപാര സാധ്യത

**കാര്യമായ** വീഴ്ചകളും വിടവുകളും നേരിടുമ്പോൾ അതിന്റെ ജാള്യം മറയ്ക്കാൻ ജമാഅത്തെ ഇസ്‌ലാമിക്കെതിരെയുള്ള വിമർശനാഗ്നിയിൽ നെയ്യൊഴിക്കുക കേരളത്തിൽ മുസ്‌ലിം സംഘടനകൾ സ്വീകരിച്ചുവരുന്ന സ്ഥിരം അടവാണ്. ‘സമസ്ത’ രണ്ടായി പിളർന്നപ്പോൾ അതിന് ജമാഅത്തിനെയാണ് പലരും പഴിപറഞ്ഞത്. പിന്നീട് മുസ്‌ലിം ലീഗ് പിളർന്നപ്പോൾ അതിന്റെ സമ്പൂർണ ഉത്തരവാദിത്വം ജമാഅത്തിന്റെ ചുമലിൽ കെട്ടിവെക്കാൻ തകൃതിയായി ശ്രമിക്കുകയായിരുന്നു ഐ.യു.എം.എൽ ജിഹ്വകൾ. കഴിഞ്ഞ യു.ഡി.എഫ് ഭരണകാലത്ത് ഒരു ലീഗ് മന്ത്രിക്ക് സ്ഥാനം രാജിവെക്കേണ്ട സാഹചര്യമുണ്ടായപ്പോൾ ജമാഅത്ത് വിമർശന നെയ്യ് നിരന്തരം ധാരകോരുകയായിരുന്നു. മുജാഹിദ് പ്രസ്ഥാനം പിളർന്നപ്പോൾ തങ്ങൾക്കാണ് ജമാഅത്ത് വിരോധത്തിൽ കൂടുതൽ വീര്യമെന്ന് കാണിക്കാൻ ഇരുകൂട്ടരും മത്സരിക്കുന്ന രസകരമായ കാഴ്ചയും കാണുകയുണ്ടായി.

കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പോടെ മുസ്‌ലിംലീഗ് അസാരം ക്ഷീണത്തിലാണ്. പാർട്ടി അതിന്റെ യുവനിരയെ സജീവമാക്കാൻ പുതിയ നേതാവിനെ അവരോധിച്ചിരിക്കുന്നു. ക്ഷീണമകറ്റി പാർട്ടിയെയും യുവനിരയെയും ഊർജസ്വലമാക്കാൻ യുവനേതാവ് കണ്ടെത്തിയ കൈകണ്ട ടോണിക്കും ജമാഅത്ത് വിമർശനം തന്നെ. നേതാവ് അസ്ഥാനത്ത് വിടുവായത്തം വിളമ്പുന്നതിലുള്ള യൗവനതീക്ഷ്ണത നേരത്തേ തെളിയിച്ചിട്ടുള്ളയാളാണല്ലോ. യുവനിരയുടെ നേതൃത്വത്തിലമരുമ്പോൾ പാർട്ടിയിലെ യുവാക്കളൊക്കെ അന്യസംഘടനകളിലേക്കോടിപ്പോകുന്നത് കണ്ടാൽ ഏതു നേതാവിനാണ് കലശലായ കുണ്ഠിതമില്ലാതിരിക്കുക? അപ്പോൾ ഔഷധപ്രയോഗത്തിനു കട്ടി കൂടുകതന്നെ വേണം.

കേരളത്തിലെന്നല്ല, ഇന്ത്യയിൽതന്നെ സകല തീവ്രവാദ ഭീകരവാദ പ്രസ്ഥാനങ്ങളുടെയും ഉറവിടം ജമാഅത്തെ ഇസ്‌ലാമിയും, രണ്ടു ദശകം മുമ്പ് മരിച്ചുപോയ മൗദൂദി സാഹിബുമാണെന്നാണ് യുവനേതാവ് *മലയാളം* വാരികയിലൂടെ മാലോകരെ ഉദ്ബോധിപ്പിക്കുന്നത്. ജമാഅത്തും മൗദൂദി സാഹിബും ഏതെങ്കിലും തീവ്രവാദമുന്നയിച്ചതിനോ ഭീകര സംഘടന രൂപീകരിച്ചതിനോ ഉള്ള തെളിവുകളുടെ അടിസ്ഥാനത്തിലല്ല ഇങ്ങനെ ഉദ്ബോധിപ്പിക്കുന്നത്. ചില ലേഖനങ്ങളിൽനിന്നും റിപ്പോർട്ടുകളിൽനിന്നുമുള്ള ഉദ്ധരണികളുടെ ‘അപനിർമാണ’ത്തിലൂടെയാണ് തന്റെ കണ്ടെത്തലെന്ന് ടിയാൻ തന്നെ ആവർത്തിച്ചു പറയുന്നുണ്ട്. അപനിർമാണമെന്ന സാഹിത്യാസ്വാദന സങ്കേതം ആടിനെ പട്ടിയാക്കാനും പറ്റിയ വിദ്യയാണ്. അപനിർമിക്കപ്പെട്ട ഇന്ത്യാ ചരിത്രം നല്ല ഉദാഹരണമാണ്. വിശുദ്ധ ഖുർആൻപോലും അപനിർമിക്കാൻ ശ്രമം നടക്കുന്ന ഇക്കാലത്ത് ജമാഅത്തുകാരുടെ വാക്കുകൾ അപനിർമിക്കാനെന്തു പ്രയാസം? തങ്ങൾ കൽപിക്കുംവിധം വേണം കുട്ടികളെ ഖുർആൻ പഠിപ്പിക്കാൻ എന്ന് സാമ്രാജ്യത്വ ശക്തികൾ ചില മുസ്‌ലിം രാജ്യങ്ങൾക്ക് തിട്ടൂരം കൊടുത്തിരിക്കുകയാണ്. അതുവഴി സാംസ്കാരിക ഇസ്‌ലാം സൃഷ്ടിക്കുകയാണത്രെ ലക്ഷ്യം. സാംസ്കാരിക ഇസ്‌ലാം എന്നാൽ പള്ളിയിൽ അല്ലാഹുവിന്റെ മുമ്പിലും പുറത്ത് അമേരിക്കയുടെ പാദങ്ങളിലും സുജൂദ് ചെയ്യുന്ന ഇസ്‌ലാം. മുസ്‌ലിംകളുള്ള എല്ലാ പ്രദേശങ്ങളിലും ഈ സാംസ്കാരിക ഇസ്‌ലാം സൃഷ്ടിക്കാൻ അമേരിക്കൻ ഇന്റലിജൻസ് പറ്റിയ ആളുകളെ കണ്ടെത്തി കനമുള്ള കൈമടക്ക് കൊടുക്കുന്നതായും കേൾക്കുന്നുണ്ട്.

യൂത്ത് ലീഗ് നേതാവ് അവതരിപ്പിക്കുന്ന ആടിനെ പട്ടിയാക്കുന്ന അപനിർമാണവിദ്യ അദ്ദേഹം പുതുതായി കണ്ടെത്തിയതൊന്നുമല്ല. യഥാസ്ഥിതികരും ഉൽപതിഷ്ണുക്കളുമായ മതസംഘടനകൾ പണ്ടേ പയറ്റിവരുന്നതാണത്. ജമാഅത്തിനെക്കുറിച്ച് നാലാളുടെ മുന്നിൽ പറയാൻ പറ്റിയ കുറ്റങ്ങളൊന്നും കിട്ടാതെ വിഷമിച്ചപ്പോൾ കണ്ടെത്തിയതാണാ വിദ്യ. ജമാഅത്തിന്റെ പ്രസിദ്ധീകരണങ്ങളിലെ വാചകങ്ങൾ സന്ദർഭത്തിൽനിന്ന് അടർത്തിയെടുത്ത് അപനിർമിക്കുക. അതുവഴി ജമാഅത്ത് പറയാത്തത് പറഞ്ഞുവെന്ന് വരുത്താം. ജമാഅത്തിനില്ലാത്ത വീക്ഷണങ്ങളും നിലപാടുകളും അതിന്റെ തലയിൽ കെട്ടിവെക്കാം. ചെയ്യാത്തത് ചെയ്തുവെന്നു വരുത്താം. പിന്നെ ഘോരഘോരം വിമർശിക്കാനെന്തെളുപ്പം! ഈ അപനിർമാതാക്കളാരും പക്ഷേ യുവനേതാവിനെപോലെ തങ്ങൾ ‘അപനിർമിക്കുക’യാണെന്ന് തുറന്നു പറയാനുള്ള തൊലിക്കട്ടി കാണിക്കാറില്ലെന്നു മാത്രം.

ഞങ്ങൾ ആരെയും ‘അപനിർമിച്ച്’ തീവ്രവാദികളോ ഭീകരന്മാരോ ആക്കാനാഗ്രഹിക്കുന്നില്ല. ജമാഅത്തിനെ അപനിർമിച്ചുകൊണ്ടിരിക്കുന്ന വിദ്വാന്മാർക്ക് പ്രസിദ്ധീകരണങ്ങളും പഴയ താളുകളും ഇല്ലാത്തതുകൊണ്ടല്ല; മസ്ജിദുകളിലുണ്ടാകുന്ന സ്ഫോടനങ്ങളുടെ പോലും ഉത്തരവാദിത്വം മുസ്‌ലിംകളുടെ തലയിൽതന്നെ കെട്ടിയേൽപിക്കാൻ ആസൂത്രിതമായ ശ്രമം നടക്കുന്ന സമകാലീന സാഹചര്യത്തിൽ അത്തരം നടപടികൾ മൊത്തം സമുദായത്തിനു വരുത്തിവെക്കുന്ന മഹാദ്രോഹം മനസ്സിലാക്കാനുള്ള വിവേകമുള്ളതുകൊണ്ട്.

ലേഖനവാക്യങ്ങൾ അപനിർമിച്ച് ജമാഅത്തിനെ തീവ്രവാദികളും ഭീകരരുമാക്കാൻ പ്രയത്നിക്കുന്ന വിദ്വാന്മാർ, കഴിഞ്ഞവർഷം ചാവക്കാട്ടും പെരിന്തൽമണ്ണയിലും നടന്ന അറുകൊലകളിലെ പ്രതികളാരെന്ന് ഒന്നു പരിശോധിച്ചുനോക്കുമോ? ചാവക്കാട് മുതൽ താനൂർ വരെയുള്ള തീരപ്രദേശത്ത് നിലനിൽക്കുന്ന സംഘർഷത്തിലെ കക്ഷികളാരെന്നും ഒന്നന്വേഷിച്ചു നോക്കണം. മാറാട് കലാപം അന്വേഷിക്കാൻ യു.ഡി.എഫ് നിയോഗിച്ച കമീഷൻ സമർപ്പിച്ച റിപ്പോർട്ട് അപനിർമിക്കാതെ വായിച്ചു പഠിക്കുന്നതും നന്ന്. മാറാട് സംഭവത്തിൽ സി.ബി.ഐ അന്വേഷണം എന്നു കേൾക്കുമ്പോൾ തലചുറ്റി വീഴുന്നതും നോട്ടുകെട്ടുകളുമായി അരയസമാജത്തിന്റെ അടുക്കളകളിലേക്കോടുന്നതും ആരായാലും ജമാഅത്തുകാരല്ല. എല്ലാം കേരളത്തിലെ സാമാന്യജനങ്ങൾക്കറിയാം. അവരെല്ലാവരും വസിക്കുന്നത് വയനാടൻ വനാന്തരങ്ങളിലല്ലല്ലോ.

സംഘ് പരിവാറിന്റെ വോട്ട് വേണ്ടെന്ന് പരസ്യമായി പ്രഖ്യാപിക്കുന്ന കമ്യൂണിസ്റ്റ് പാർട്ടികൾ ജമാഅത്തിന്റെ വോട്ട് തേടുന്നതിലുമുണ്ടത്രെ യൂത്ത് നേതാവിന് മഹാ കുണ്ഠിതം. ജമാഅത്തും സംഘ്പരിവാറും തമ്മിലുള്ള വ്യത്യാസം കമ്യൂണിസ്റ്റ് പാർട്ടികൾക്ക് മനസ്സിലായ അത്രപോലും യൂത്ത് നേതാവിന് മനസ്സിലാകാത്തതിൽ അത്ഭുതമില്ല. കണ്ണുകാണാത്തവർക്ക് രാവും പകലും ഒന്നുതന്നെ.

ചില കുട്ടിച്ചേകവന്മാരുടെ അകമ്പടിയോടെയാണ് പുതിയ പ്രസിഡന്റിന്റെ അങ്കപ്പുറപ്പാട്. പല തന്തച്ചേകവന്മാരും ആയകാലമത്രയും ഇസ്‌ലാമിക പ്രസ്ഥാനത്തിനെതിരെ അങ്കംപയറ്റി നിന്ദയും നിരാസവും മാത്രം കൈപ്പറ്റി തളർന്നിരിക്കുകയാണല്ലോ. ശുദ്ധ മാർക്സിസത്തിനുവേണ്ടി നടത്തിയ വീരപരാക്രമങ്ങൾക്ക് എ.കെ.ജി സെന്ററിൽനിന്ന് ലഭിക്കാതെ പോയ പട്ടും വളയും ഇളമുറക്കാർക്ക് ലീഗ് ഹൗസിൽനിന്നെങ്കിലും ലഭിച്ചെങ്കിലോ? ജമാഅത്തെ ഇസ്‌ലാമിയെ ഭർത്സിക്കുകയും ബഹിഷ്കരിക്കുകയും ചെയ്യാത്തവരൊക്കെയും മന്ദബുദ്ധിജീവികളും കപട ബുദ്ധിജീവികളുമാണത്രെ! അതാണ് കുട്ടിച്ചേകവരുടെ പുതിയ പൂഴിക്കടകൻ. ഏതായാലും കേരളത്തിന് രണ്ടു തീക്ഷ്ണ ബുദ്ധിജീവികളെ ഒരുമിച്ചുകിട്ടിയിരിക്കുകയാണല്ലോ. നമുക്ക് സന്തോഷിക്കുക! ■